REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 15-12-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നാല് ദിവസത്തെ ജോർദാൻ, എത്യോപ്യ, ഒമാൻ പര്യടനത്തിന് ഇന്ന് തുടക്കം.**
- **രാജ്യത്തെ മുഖ്യ വിവരാവകാശ കമ്മീഷണറായി രാജ്കുമാർ ഗോയൽ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും.**
- **തദ്ദേശ തെരെഞ്ഞെടുപ്പ് ഫലം വിലയിരുത്താൻ CPIM സംസ്ഥാന സെക്രട്ടറിയേറ്റ് യോഗം തിരുവനന്തപുരത്ത്.**
- **തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷരെ തെരഞ്ഞെടുക്കാൻ മുന്നണികളിൽ തിരക്കിട്ട ചർച്ചകൾ.**
- **ഇന്ത്യ- ദക്ഷിണാഫ്രിക്ക ട്വന്റി 20 പരമ്പരയിലെ മൂന്നാം മത്സരത്തിൽ ഇന്ത്യ, ദക്ഷിണാഫ്രിക്കയെ ഏഴ് വിക്കറ്റിന് തകർത്തു.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നാല് ദിവസത്തെ ജോർദാൻ, എത്യോപ്യ, ഒമാൻ പര്യടനത്തിന് ഇന്ന് തുടക്ക മാകും. സന്ദർശനത്തിന്റെ ആദ്യ ഘട്ടത്തിൽ അബ്ദുല്ല രണ്ടാമൻ ബിൻ അൽ ഹുസൈൻ രാജാവിന്റെ ക്ഷണപ്രകാരമാണ് പ്രധാനമന്ത്രി ജോർദാനിലെത്തുന്നത്.

ഡെസ്ക് റിപ്പോർട്ട്

........വോയ്സ്........

ജോർദാനുമായി നയതന്ത്രബന്ധം സ്ഥാപിച്ചതിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ചാണ് പ്രധാനമന്ത്രിയുടെ സന്ദർശനം.

നാളെ എത്യോപ്യയിലേക്ക് പോകുന്ന നരേന്ദ്രമോദി എത്യോപ്യൻ പ്രധാനമന്ത്രിയുമായി ഉഭയകക്ഷി ബന്ധത്തിൽ വിശാല ചർച്ചകൾ നടത്തും. നരേന്ദ്ര മോദിയുടെ ആദ്യ എത്യോപ്യൻ സന്ദർശനമാണിത്.

സന്ദർശനത്തിന്റെ അവസാന ഘട്ടത്തിൽ പ്രധാനമന്ത്രി ഒമാനിലെത്തും. ഇരു രാജ്യങ്ങളും തമ്മിലെ നയതന്ത്ര ബന്ധത്തിന്റെ 70-ാം വാർഷികത്തോടനുബന്ധിച്ച് ഒമാൻ സുൽത്താൻ ഹൈതം ബിൻ താരിക്കിനെ പ്രധാനമന്ത്രി കാണും.

✪✪✪

ബിഹാലെ മന്ത്രി നിതിൻ നബിനെ BJP ദേശീയ വർക്കിംഗ് പ്രസിഡന്റായി നിയമിച്ചു. പാർട്ടിയുടെ ഏറ്റവും പ്രായം കുറഞ്ഞ വർക്കിംഗ് പ്രസിഡന്റും ബീഹാറിൽ നിന്ന് ഈ സ്ഥാനത്തെത്തുന്ന ആദ്യത്തെ BJP നേതാവുമാണ് നിതിൻ നബിൻ. നിലവിൽ പട്ന ജില്ലയിലെ ബങ്കിപൂർ നിയമസഭാ മണ്ഡലത്തെയാണ് അദ്ദേഹം പ്രതിനിധീകരിക്കുന്നത്.

നിതിൻ നബിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. പാർട്ടി പദവികളിലും പ്രവർത്തനങ്ങളിലും നിതിൻ നബിൻ പ്രാഗത്ഭ്യം തെളിയിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

വരും കാലങ്ങളിൽ നബിന്റെ ഊർജ്ജവും സമർപ്പണവും പാർട്ടിയെ ശക്തിപ്പെടുത്തുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

രാജ്യത്തെ മുഖ്യ വിവരാവകാശ കമ്മീഷണറായി മുൻ IAS ഓഫീസർ രാജ്കുമാർ ഗോയൽ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. ന്യൂഡൽഹിയിൽ രാഷ്ട്രപതി ദ്രൗപതി മുർമു അദ്ദേഹത്തിന് സത്യവാചകം ചൊല്ലിക്കൊടുക്കും. സെപ്തംബർ 13ന് ഹീരാലാൽ സമരിയ വിരമിച്ച ഒഴിവിലാണ് ഗോയലിന്റെ നിയമനം. എട്ട് വിവരാവകാശ കമ്മീഷണർമാരെയും കഴിഞ്ഞ ബുധനാഴ്ച പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന സമിതി നാമനിർദേശം ചെയ്തിട്ടുണ്ട്. ഇതോടെ, കമ്മീഷനിലെ മുഴുവൻ അംഗങ്ങളും നിയമിതരാവും. ഒമ്പത് വർഷത്തിന് ശേഷമാണ് കമ്മീഷനിലെ എല്ലാ അംഗങ്ങളേയും നിയമിക്കുന്നത്.

✪✪✪

മനുഷ്യ വിധിന്യായങ്ങളെ മെച്ചപ്പെടുത്താൻ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്താമെന്നും എന്നാൽ അതൊരിക്കലും മാനുഷിക തീരുമാനങ്ങൾക്ക് പകരം വെക്കാനാവില്ലെന്നും ചീഫ് ജസ്റ്റിസ് ജസ്റ്റിസ് സൂര്യകാന്ത് അഭിപ്രായപ്പെട്ടു. നീതിയുടെ സഹായി എന്നതിനപ്പുറം അതിന്

ബദലാകാൻ സാങ്കേതിക വിദ്യ ഉപയോഗിക്കരുത്. സാങ്കേതിക വിദ്യകൾക്ക് അതിന്റേതായ ചില പരിമിതികൾ ഉണ്ടെന്ന കാര്യം മറക്കാൻ പാടില്ലെന്ന് ന്യൂഡൽഹിയിലെ സിമ്പോസിയത്തിൽ ജസ്റ്റിസ് സൂര്യകാന്ത് ഓർമ്മിപ്പിച്ചു.

പാവപ്പെട്ടവരെയും പ്രായമായവരെയും ഡിജിറ്റൽ സങ്കേതങ്ങൾ പരിചിതമല്ലാത്തവരെയും ഒഴിവാക്കുന്ന ഒരു പരിഷ്കരണങ്ങളും പരിഷ്കരണമെന്ന പേരിന് അർഹമല്ലെന്നും ചീഫ് ജസ്റ്റിസ് വ്യക്തമാക്കി.

✪✪✪

ഇന്ത്യൻ റെയിൽവെയിലെ ബ്രോഡ്ഗേജ് പാതകളിൽ 99 ശതമാനം വൈദ്യുതീകരണം പൂർത്തിയായതായി റെയിൽവെ മന്ത്രാലയം അറിയിച്ചു. 2019നും 25നുമിടയിൽ 25 സംസ്ഥാനങ്ങളിലേയും കേന്ദ്രഭരണ പ്രദേശങ്ങളിലേയും 33,000 കിലോമീറ്ററോളം പാത വൈദ്യുതികരിച്ചതായി അറിയിപ്പിൽ പറയുന്നു.

✪✪✪

ISRO ഇന്ന് നടത്താനിരുന്ന അമേരിക്കൻ വാണിജ്യ ഉപഗ്രഹം ബ്ലൂ ബേർഡ്- 6 ന്റെ വിക്ഷേപണം ഈ മാസം 21ലേക്ക് മാറ്റി. ആറര ടണ്ണോളം ഭാരം ബ്ലൂ ബേർഡ്-6 നുണ്ട്. ISRO വിക്ഷേപിക്കുന്ന ഏറ്റവും വലുതും ഭാരമേറിയതുമായ ഉപഗ്രഹമാണിത്. ശ്രീഹരിക്കോട്ടയിൽ നിന്ന് LVM -3 റോക്കറ്റ് ഉപയോഗിച്ചാണ് ഇന്ത്യ - US സഹകരണത്തോടെ നിർമ്മിച്ച ഉപഗ്രഹം വിക്ഷേപിക്കുന്നത്. ബ്രോഡ് ബാൻഡ് സേവനങ്ങൾ, ലോക വ്യാപകമായി മെച്ചപ്പെടുത്താൻ ലക്ഷ്യമിടുന്ന ഉപഗ്രഹമാണിത്.

✪✪✪

ഊർജ്ജോപയോഗത്തിന്റെ അടിസ്ഥാനത്തിൽ കാര്യക്ഷമതയ്ക്ക് ഏർപ്പെടുത്തിയ ദേശീയ സൂചികയിലെ മൂന്നാം വിഭാഗത്തിൽ കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചു. ന്യൂഡൽഹിയിൽ രാഷ്ട്രപതി ദ്രൗപതി മുർമുവിൽ നിന്ന് ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി A പുനിത് കുമാറും എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ. R ഹരികുമാറും ഇന്നലെ പുരസ്കാരം ഏറ്റുവാങ്ങി. രാജ്യത്ത് ആദ്യമായി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഊർജ്ജ സംരക്ഷണ സുസ്ഥിര നിയമങ്ങൾ ഏർപ്പെടുത്തിയ സംസ്ഥാനമെന്ന പരിഗണനയും പുരസ്കാരത്തിന് പരിഗണിച്ചിരുന്നു.

✪✪✪

ഇന്നലെ വൈകിട്ട് വരെ ഡിജിറ്റൈസ് ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ എണ്ണം രണ്ട് കോടി 77 ലക്ഷത്തി 70,000ത്തോളമായെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു. ഇത് വിതരണം ചെയ്ത

ഫോമുകളുടെ 99.71 ശതമാനമാണ്. വോട്ടർമാരെ കണ്ടെത്താൻ കഴിയാത്ത ഫോമുകളുടെ എണ്ണം 25 ലക്ഷത്തിനടുത്തെത്തിയതായും ഡോ. കേൽക്കർ പറഞ്ഞു.

ഫോമുകൾ ഇനിയും മടക്കി നൽകിയിട്ടില്ലാത്തവർ എത്രയും വേഗം അവ പൂരിപ്പിച്ച് BLO-മാരെ ഏല്പിക്കണമെന്നും ഡോ. കേൽക്കർ അഭ്യർത്ഥിച്ചു.

✪✪✪

തീവ്ര വോട്ടർപട്ടിക പരിഷ്കരണ പുരോഗതി വിലയിരുത്താൻ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ വിളിച്ചു ചേർത്ത രാഷ്ട്രീയ പാർട്ടികളുടെ യോഗം ഇന്ന് തിരുവനന്തപുരത്ത് ചേരും. പരിഷ്കരണ നടപടികളുടെ കാലാവധി നീട്ടണമെന്ന് രാഷ്ട്രീയ പാർട്ടികൾ യോഗത്തിൽ ആവശ്യപ്പെടുമെന്നാണ് റിപ്പോർട്ട്.

✪✪✪

തദ്ദേശ തെരെഞ്ഞെടുപ്പ് ഫലം വിലയിരുത്താൻ CPIM സംസ്ഥാന സെക്രട്ടറിയേറ്റ് യോഗം ഇന്ന് തിരുവനന്തപുരത്ത് ചേരും. നിയമസഭാ തെരഞ്ഞെടുപ്പിന് മാസങ്ങൾ മാത്രം ശേഷിക്കെ തിരിച്ചു വരവിന് ആവശ്യമായ പ്രവർത്തനങ്ങൾ യോഗം ചർച്ച ചെയ്യുമെന്നാണ് റിപ്പോർട്ട്.

തെരെഞ്ഞെടുപ്പ് ഫലം വിലയിരുത്താൻ നാളെ LDF യോഗവും ചേരുന്നുണ്ട് .

✪✪✪

തദ്ദേശ തിരഞ്ഞെടുപ്പിൽ LDFനുണ്ടായ അപ്രതീക്ഷിത തോൽവിയുടെ കാരണങ്ങൾ പഠിക്കാൻ CPI ജനങ്ങളിൽ നിന്ന് വിവരശേഖരണത്തിന് തീരുമാനിച്ചു. പാർട്ടിയുടെയും മുന്നണിയുടേയും പരാജയ കാരണങ്ങളെക്കുറിച്ച് പറയാനുദ്ദേശിക്കുന്ന കാര്യങ്ങൾ സംസ്ഥാന സെക്രട്ടറിയെ കത്തിലൂടെയോ E-മെയിലിലൂടെയോ അറിയിക്കാമെന്ന് ബിനോയ് വിശ്വം പറഞ്ഞു. ഈ വിഷയത്തിലെ പഠനത്തിന്റെയും തിരുത്തിലിന്റെയും ഭാഗമാണ് നടപടിയെന്നും സംസ്ഥാന സെക്രട്ടറി അറിയിച്ചു.

✪✪✪

കോഴിക്കോട് കോർപ്പറേഷനിൽ മേയറെ തെരഞ്ഞെടുക്കാൻ മുന്നണികളിൽ ചർച്ച തുടങ്ങി. LDF ന്റെ മേയർ സ്ഥാനത്തേക്ക് സാധ്യത കല്പിച്ചിരുന്ന മുൻ ഡെപ്യൂട്ടി മേയർ പരാജയപ്പെട്ടതോടെ പുതിയ പേരുകളാണ് ഉയർന്നു വരുന്നത്. ഇപ്പോഴത്തെ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ഡോ. S ജയശ്രീക്കാണ് മുൻതൂക്കം. ഡെപ്യൂട്ടി മേയർ സ്ഥാനവും വനിതാ സംവരണമാണ്.

കോഴിക്കോട്ടെ മേയർ സ്ഥാനത്തേക്ക് UDF മത്സരിക്കുമെന്ന് DCC പ്രസിഡന്റ് K പ്രവീൺകുമാർ അറിയിച്ചു. BJPയുടെ പിന്തുണ UDF സ്വീകരിക്കില്ലെന്നും അദ്ദേഹം പറഞ്ഞു.

NDA യും മേയർ സ്ഥാനത്തേക്ക് മത്സരിച്ചേക്കും.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനെയും വൈസ് പ്രസിഡന്റുമാരെയും മറ്റന്നാൾ UDF പ്രഖ്യാപിക്കും. ഭൂരിപക്ഷം ലഭിച്ച തദ്ദേശ സ്ഥാപനങ്ങളിലെ പാർട്ടി നേതാക്കളെ ഇന്ന് DCCയിലേക്ക് വിളിച്ചു വരുത്തി സമവായത്തിലൂടെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരെയും മുൻസിപാലിറ്റി ചെയർപേഴ്സൻമാരെയും തീരുമാനിക്കുമെന്ന് DCC പ്രസിഡന്റ് അറിയിച്ചു. ചിലയിടങ്ങളിലെ പാർട്ടി സ്ഥാനാർത്ഥികളുടെ തോൽവി പരിശോധിക്കാൻ രണ്ടംഗ കമ്മിറ്റിയെ നിയമിച്ചതായും അദ്ദേഹം അറിയിച്ചു. തെരഞ്ഞെടുപ്പ് തോൽവിയെ തുടർന്ന് CPIM ഏറാമല പഞ്ചായത്തിൽ ആക്രമണം നടത്തുകയാണെന്ന് പ്രവീൺകൂമാർ ആരോപിച്ചു

✪✪✪

തദ്ദേശസ്ഥാപനങ്ങളുടെ അധ്യക്ഷ പദവി തീരുമാനിക്കാൻ കണ്ണൂർ ജില്ലയിലും തിരക്കിട്ട ചർച്ചകൾ പുരോഗമിക്കുന്നു. UDF കോർപ്പറേഷൻ മേയറായി ഇപ്പോഴത്തെ ഡെപ്യൂട്ടി മേയർ P ഇന്ദിരയേയും, മഹിളാ കോൺഗ്രസ് ജില്ലാ പ്രസിഡണ്ട് ശ്രീജ മഠത്തിലിനേയുമാണ് പരിഗണിക്കുന്നത്. കണ്ണൂരിൽ മേയർ, ഡെപ്യൂട്ടി മേയർ സ്ഥാനങ്ങൾ കോൺഗ്രസും, മുസ്ലിം ലീഗും രണ്ടര വർഷം വീതം വീതിച്ചെടുക്കാറാണ് പതിവ്. ജില്ലയിലെ എട്ടു നഗരസഭകളിൽ ഏഴെണ്ണത്തിലെ ചെയർപേഴ്സൺ മാരെ ഏറെക്കുറെ തീരുമാനിച്ചതായാണ് വിവരം.

കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടായി LDF, CPIM-ലെ ബിനോയ് കുര്യനെ പരിഗണിച്ചേക്കുമെന്ന് റിപ്പോർട്ടുകൾ പറയുന്നു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ടാണ് നിലവിൽ ബിനോയ് കുര്യൻ.

✪✪✪

തൃശൂർ കോർപ്പറേഷനിൽ മേയർ തെരഞ്ഞെടുപ്പ് സംബന്ധിച്ച ചർച്ചകൾ പുരോഗമിക്കുന്നു. പത്തു വർഷത്തിനുശേഷമാണ് കോർപറേഷൻ ഭരണം കോൺഗ്രസിന് ലഭിച്ചത്. 56 ഡിവിഷനുകളിൽ 33 ഇടത്ത് വിജയിച്ചതോടെ മേയർ തീരുമാനത്തിൽ മേൽക്കൈ കോൺഗ്രസിന് നൽകുന്നു. അധ്യക്ഷസ്ഥാനം വനിതാസംവരണം ആയതിനാൽ ലാലി ജെയിംസ്, സുബി ബാബു, ഡോ. നിജി ജസ്റ്റിൻ, ഷീന ചന്ദ്രൻ, ശ്യാമള മുരളീധരൻ, വത്സല ബാബുരാജ് എന്നിവരാണ് പരിഗണനയിൽ. മേയർ ഡെപ്യൂട്ടി മേയർ പദവികൾ മൂന്ന് തവണകളായി പങ്കിട്ട് നൽകുന്ന കാര്യവും പരിഗണിക്കുന്നുണ്ട്.

കോൺഗ്രസ് പാർലമെന്ററി പാർട്ടിയുടെ അഭിപ്രായം കണക്കിലെടുത്തായിരിക്കും മേയർ തിരഞ്ഞെടുപ്പെന്ന് കഴിഞ്ഞദിവസം DCC പ്രസിഡന്റ് ജോസഫ് ടാജറ്റ് വ്യക്തമാക്കിയിരുന്നു.

✪✪✪

ആർക്കും ഭൂരിപക്ഷമില്ലാത്ത പാലക്കാട് നഗരസഭയിൽ കൗൺസിൽ രൂപീകരണവുമായി ബന്ധപ്പെട്ട അനിശ്ചിതത്വം തുടരുകയാണ്.

ഭൂരിപക്ഷത്തിന് വേണ്ട 27 സീറ്റുകൾ ആർക്കും ലഭിച്ചിട്ടില്ല. 25 സീറ്റു നേടിയ BJP യാണ് ഏറ്റവും വലിയ ഒറ്റ കക്ഷി. UDF 18 സീറ്റിലും LDF ഒമ്പത് സീറ്റിലും വിജയിച്ചു. ഒരു കക്ഷിരഹിത സ്ഥാനാർത്ഥിയും വിജയിച്ചിട്ടുണ്ട്. മൂന്ന് മുന്നണികളും സംസ്ഥാന നേതൃത്വത്തിന്റെ തീരുമാനം കാത്തിരിക്കുകയാണ്.

✪✪✪

ഇന്ത്യ - ദക്ഷിണാഫ്രിക്ക ട്വന്റി 20 പരമ്പരയിലെ മൂന്നാം മത്സരത്തിൽ ഇന്ത്യ, ദക്ഷിണാഫ്രിക്കയെ ഏഴ് വിക്കറ്റിന് തകർത്തു. ധരംശാലയിൽ ഇന്നലെ 118 റൺസ് വിജയലക്ഷ്യവുമായി ബാറ്റിംഗ് ആരംഭിച്ച ഇന്ത്യ 15.5 ഓവറിൽ മൂന്ന് വിക്കറ്റിന് 120 റൺസെടുത്തു. നേരത്തെ ടോസ് നേടിയ ഇന്ത്യ ഫീൽഡിംഗ് തെരഞ്ഞെടുക്കുകയായിരുന്നു. ദക്ഷിണാഫ്രിക്ക 117 റൺസിന് എല്ലാവരും പുറത്തായി. ഇതോടെ അഞ്ച് മത്സര പരമ്പരയിൽ രണ്ടെണ്ണം ജയിച്ച് ഇന്ത്യ മുന്നിട്ട് നിൽക്കുകയാണ്. നാലാം മത്സരം ബുധനാഴ്ച ലഖ്നൗവിലാണ്. പരമ്പരയിലെ അവസാന മത്സരം വെള്ളിയാഴ്ച അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിൽ നടത്തും.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ കണ്ണൂർ ഫൈനലിലെത്തി. ആദ്യ സെമിയിൽ മറുപടിയില്ലാത്ത ഒരു ഗോളിന് നിലവിൽ ജേതാക്കളായ കാലിക്കറ്റ് FC യെ, കണ്ണൂർ വാരിയേഴ്സ് FC പരാജയപ്പെടുത്തി. കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിലായിരുന്നു മത്സരം. രണ്ടാം സെമിയിൽ ഇന്ന് തൃശൂർ, മലപ്പുറത്തെ നേരിടും. തൃശൂർ കോർപ്പറേഷൻ സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം. 19 ന് കണ്ണൂരിലാണ് ഫൈനൽ.

✪✪✪

അർജന്റീനിയൻ ഫുട്ബോൾ താരം ലയണൽ മെസ്സി ഇന്ന് ന്യൂഡൽഹിയിലെത്തും. മെസ്സിയുടെ 'ഗോട്ട് ഇന്ത്യ ടൂറി'ന്റെ അവസാനത്തെ പര്യടനമാണിത്. ഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിലാണ് പ്രധാന പരിപാടികൾ.

✪✪✪

ശാസ്താം പാട്ട് കലാകാരൻ പാലക്കാട്, കല്ലേക്കുളങ്ങര കേലത്ത് വീട്ടിൽ മുകുന്ദദാസൻ നിര്യാതനായി. 81 വയസ്സായിരുന്നു. സംസ്ഥാന ഗവൺമെന്റിന്റെ ഫോക് ലോർ അക്കാദമി പുരസ്കാര ജേതാവാണ്. സംസ്ക്കാരം രാവിലെ കല്ലേക്കുളങ്ങര കുന്നംപാറ ശ്മശാനത്തിൽ നടത്തും.

✪✪✪

തദ്ദേശ തിരഞ്ഞെടുപ്പ് കാലത്ത് കണ്ണൂർ ജില്ലയിൽ പോളിങ് സെന്ററുകളിലും വിതരണ - സ്വീകരണ കേന്ദ്രങ്ങളിലും ഭക്ഷണം വിതരണം ചെയ്തതിലൂടെ കുടുംബശ്രീ 45 ലക്ഷം രൂപയുടെ വരുമാനം നേടി.

കുടുംബശ്രീ CDSകളും അവയുടെ കീഴിൽ പ്രവർത്തിക്കുന്ന ഭക്ഷ്യ യൂണിറ്റുകളും ചേർന്നാണ് ഭക്ഷണ സ്റ്റാൾ ഒരുക്കിയത്.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: സബിത കെ*
*DEO : സി കെ സുബോധ്*